✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

**1042**

# സൂറ – 33 / അൽ അഹ്സാബ്

**സൂക്തം: 51 – 52**

നീതിപാലനത്തിന്റെ പ്രധാന ഘടകമാണ് എല്ലാവരോടും തുല്യ സമയം സഹവസിക്കുക എന്നത്. ചില ഭാര്യമാരോടൊപ്പം മാത്രം അന്തിയുറങ്ങുകയും ചിലരിൽനിന്ന് സ്ഥിരമായി അകന്നുനിൽക്കുകയും ചെയ്യുന്നത് കൊടിയ അപരാധവും അനീതിയുമാണ്. ഒരു ഭാര്യയുടെ കൂടെ കൂടുതൽ ദിവസം ചെലവഴിക്കേണ്ടതുണ്ടെങ്കിൽ അതിന് മറ്റു ഭാര്യമാരുടെ സമ്മതം വാങ്ങേണ്ടതുണ്ട്.

تُرْجِى مَن تَشَآءُ مِنْهُنَّ وَتُـْٔوِىٓ إِلَيْكَ مَن تَشَآءُ ۖ وَمَنِ ٱبْتَغَيْتَ مِمَّنْ
عَزَلْتَ فَلَا جُنَاحَ عَلَيْكَ ۚ ذَٰلِكَ أَدْنَىٰٓ أَن تَقَرَّ أَعْيُنُهُنَّ وَلَا
يَحْزَنَّ وَيَرْضَيْنَ بِمَآ ءَاتَيْتَهُنَّ كُلُّهُنَّ ۚ وَٱللَّهُ يَعْلَمُ مَا فِى
قُلُوبِكُمْ ۚ وَكَانَ ٱللَّهُ عَلِيمًا حَلِيمًا ﴿٥١﴾

51. ഭാര്യമാരിൽ നിനക്കിഷ്ടമുള്ളവരെ അകറ്റിനിർത്താം. ഇഷ്ടമുള്ളവരെ അണച്ചുനിർത്താം. അകറ്റിനിർത്തിയവരിൽ നിനക്കാവശ്യമുള്ളവരെ അടുപ്പിക്കുകയുമാകാം. അതിലൊന്നും നിനക്ക് കുറ്റമില്ല. ഇതത്രെ അവർ സന്തുഷ്ടരാവാനും വ്യസനിക്കാതിരിക്കാനും എല്ലാവരും നീ നൽകുന്നതിൽ സംതൃപ്തരാകാനും ഏറ്റം കരണീയമായിട്ടുള്ളത്. നിങ്ങളുടെ ഹൃദയങ്ങളിലുള്ളതൊക്കെയും അല്ലാഹു അറിയുന്നുണ്ട്. സർവതും അറിയുന്നവനും അത്യധികം കനിവുള്ളവനുമാണ് അല്ലാഹു.

**51**

تُرْجِي = നീ കാത്തു(അകറ്റി) നിർത്താം مَن تَشَاءُ مِنْهُنَّ = അവരിൽ (ഭാര്യമാരിൽ) നീ ഉദ്ദേശിക്കുന്ന(ഇഷ്ടമുള്ള)വരെ
وَتُؤْوِي إِلَيْكَ مَن تَشَاءُ = ഇഷ്ടമുള്ളവരെ നിന്നിലേക്കു അണച്ചുനിർത്താം
وَمَنِ ابْتَغَيْتَ = നീ തേടുന്നവരെ (നിനക്കാവശ്യമുള്ളവരെ അടുപ്പിക്കുകയുമാവാം)
مِمَّنْ عَزَلْتَ = നീ ത്യജിച്ച(അകറ്റിനിർത്തിയ)വരിൽനിന്ന് فَلَا جُنَاحَ عَلَيْكَ = (അതിലൊന്നും) നിനക്കു കുറ്റമില്ല
ذَٰلِكَ = അ(ഇ)തത്രെ أَدْنَىٰ = ഏറ്റം അടുത്തത് (കരണീയമായിട്ടുള്ളത്)
أَن تَقَرَّ أَعْيُنُهُنَّ = അവരുടെ കണ്ണുകൾ കുളിരാൻ(അവർ സന്തുഷ്ടരാവാൻ) وَلَا يَحْزَنَّ = അവർ വ്യസനിക്കാതിരിക്കാനും
وَيَرْضَيْنَ = അവർ സംതൃപ്തരാവാനും بِمَا آتَيْتَهُنَّ = നീ നൽകിയ(കുന്ന)തിൽ كُلُّهُنَّ = അവരെല്ലാവരും
وَاللَّهُ يَعْلَمُ = അല്ലാഹു അറിയുന്നുണ്ട് مَا فِي قُلُوبِكُمْ = നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് (ഒക്കെയും)
وَكَانَ اللَّهُ عَلِيمًا حَلِيمًا = അല്ലാഹു സർവതും അറിയുന്നവനും അത്യധികം കനിവുള്ളവനുമാണ്

ഒന്നിലധികം ഭാര്യമാരുള്ളവർ എല്ലാ ഭാര്യമാരോടും തുല്യ നീതിയിൽ വർത്തിക്കേണ്ടത് നിർബന്ധമാണെന്ന് 4:3-ൽ അനുശാസിച്ചിട്ടുണ്ട്. നീതിപാലനത്തിന്റെ പ്രധാന ഘടകമാണ് എല്ലാവരോടും തുല്യ സമയം സഹവസിക്കുക.

ചില ഭാര്യമാരോടൊപ്പം മാത്രം അന്തിയുറങ്ങുകയും ചില രിൽനിന്ന് സ്ഥിരമായി അകന്നുനിൽക്കുകയും ചെയ്യുന്നത് കൊടിയ അപരാധവും അനീതിയുമാണ്. ഒരു ഭാര്യയുടെ കൂടെ കൂടുതൽ ദിവസം ചെലവഴിക്കേണ്ടതുണ്ടെങ്കിൽ അതിന് മറ്റു ഭാര്യമാരുടെ സമ്മതം വാങ്ങേണ്ടതുണ്ട്. നബി (സ) തന്റെ ദിവസങ്ങൾ ഭാര്യമാർക്ക് തുല്യമായി വീതിച്ചിരുന്നു. പ്രവാചക പത്നിമാരിൽ വയോധികയായിരുന്ന സൗദ (റ) അവസാനകാലത്ത് പ്രവാചകന്റെ തനിക്കവകാശപ്പെട്ട ദിവസങ്ങളിൽ അദ്ദേഹത്തിന്റെ പ്രഥമ ശിഷ്യൻ അബൂബക്റിന്റെ പുത്രിയും ചെറുപ്പക്കാരിയുമായ ആഇശയോടൊപ്പം കഴിഞ്ഞുകൊള്ളാൻ പറയുകയുണ്ടായി. മരണകാരണമായ രോഗം ബാധിച്ചപ്പോഴും മറ്റു ഭാര്യമാരുടെ പൂർണ സമ്മതത്തോടു കൂടിയാണ് തിരുമേനി(സ) ആഇശ(റ)യുടെ ഭവനത്തിൽ അധികദിവസങ്ങൾ തങ്ങിയത്. ഭാര്യമാരോട് തുല്യമായ സഹവാസം എന്ന നിയമത്തിൽനിന്ന് അദ്ദേഹത്തെ ഒഴിവാക്കുകയാണ് ഈ സൂക്തം. പ്രവാചകന്റെ ദൗത്യനിർവഹണം താൽപര്യപ്പെടുന്നതനുസരിച്ച് ഭാര്യമാരിൽ ചിലരെ ഇഷ്ടമുള്ളത്ര കാലം അകറ്റിനിർത്താനും മറ്റു ചിലരുമായി കൂടുതൽ കാലം സഹവസിക്കാനും പ്രവാചകന് സ്വാതന്ത്ര്യമുണ്ട്. അകറ്റിനിർത്തിയവരെ ആവശ്യമാകുമ്പോൾ വീണ്ടും അടുപ്പിക്കുകയുമാവാം. تُرْجِي مَن تَشَاءُ مِنْهُنَّ وَتُؤْوِي إِلَيْكَ مَن تَشَاءُ ۖ وَمَنِ ابْتَغَيْتَ مِمَّنْ عَزَلْتَ എന്നാണ് മൂലവചനം. إرجاء (നീട്ടിവെപ്പ്, പിന്തിക്കൽ)ൽനിന്നുള്ള ക്രിയയാണ് ترجي. 'ഇർജാഇ'ൽ 'റജാഇ'ന്റെ (പ്രതീക്ഷ, പ്രത്യാശ) ആശയവും കൂടിയുണ്ട്. അതായത് അവരെ പറ്റേ അവഗണിച്ചുതള്ളാതെ, പ്രവാചകന്റെ ആഗമനത്തിനു വേണ്ടി പ്രത്യാശയോടെ കാത്തിരുത്തുക. ചെന്നുചേരലും വസിക്കലും കൂടിച്ചേരലും അഭയം പ്രാപിക്കലുമായ إواء -ൽനിന്നുള്ള ക്രിയയാണ് تُؤْوِي. അതിൽ ശാന്തിയുടെയും സംതൃപ്തിയുടെയും ധ്വനിയുമുണ്ട്. ഭാര്യ-ഭർതൃ സംഗമം ശാന്തിയും സംതൃപ്തിയും പ്രദാനം ചെയ്യുന്നതാണല്ലോ. സ്ഥാനത്യാഗം ചെയ്യിക്കലും മാറ്റിനിർത്തലുമാണ് عزل. ഇവിടെ ആദ്യം പറഞ്ഞ ارْجاء -ന്റെ അർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അകറ്റിനിർത്താനെന്ന പോലെ, ആവശ്യമെന്നു കണ്ടാൽ അകറ്റിനിർത്തിയവരെ ചേർത്തുനിർത്താനും സ്വാതന്ത്ര്യമുണ്ടെന്നർഥം. അതിലൊന്നും ഒരു കുറ്റവുമില്ല. ഈ സൂക്തം അവതരിച്ച ശേഷവും മരണം വരെ പ്രവാചകൻ (സ) ഭാര്യമാരുടെ സഹവാസ ഊഴം കൃത്യമായി പാലിച്ചിരുന്നുവെന്നാണ് പ്രബലമായ നിവേദനങ്ങളിൽ പറയുന്നത്. നേരത്തേ സൂചിപ്പിച്ച പ്രത്യേക സന്ദർഭങ്ങൾ മാത്രമേ അപവാദമായിട്ടുള്ളൂ.

ذَٰلِكَ أَدْنَىٰ......كُلُّهُنَّ എന്ന വാക്യം രണ്ടു വിധത്തിൽ വ്യാഖ്യാനിക്കാവുന്നതാണ്. അതിലൊന്ന് തൊട്ടു മുമ്പുള്ള وَمَنِ ابْتَغَيْتَ مِمَّنْ عَزَلْتَ എന്ന വാക്യത്തോടു മാത്രം ബന്ധിപ്പിച്ചുകൊണ്ടുള്ളതാണ്. അതായത്, അകറ്റിനിർത്തിയ ഭാര്യമാരെ ഇടക്കൊക്കെ അടുത്തേക്ക് വിളിക്കുന്നതും സഹവസിപ്പിക്കുന്നതും അവർ സന്തുഷ്ടകളാകാൻ ഏറ്റം നല്ലതാണ്. പ്രവാചകൻ തങ്ങളിൽനിന്ന് അകന്നുപോയല്ലോ എന്ന് അവർ ദുഃഖിക്കാനിടയാവുകയുമില്ല. പ്രവാചക സമ്പർക്കത്തിൽ സംതൃപ്തരാവുകയും ചെയ്യും. وَيَرْضَيْنَ......كُلُّهُنَّ - أَن تَقَرَّ أَعْيُنُهُنَّ എന്നീ വാക്കുകൾ ഈ വ്യാഖ്യാനത്തെ ബലപ്പെടുത്തുന്നുണ്ട്. അവഗണന മാറി പരിഗണന ലഭിക്കുമ്പോഴാണ് സന്തോഷമുണ്ടാവുക. قُرَّةِ أَعْيُنٍ -ന്റെ അർഥം നേരത്തേ 32:17 സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. അകറ്റപ്പെട്ടവർ കൂടി അടുപ്പിക്കപ്പെടുമ്പോൾ എല്ലാവരും സംതൃപ്തരാകുന്നു. അകറ്റിനിർത്തിയവരെ അടുപ്പിക്കാനുള്ള പ്രേരണ കൂടി ഈ വാക്യത്തിലുള്ളതായും നിരീക്ഷിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാവാം ഭാര്യാ സഹവാസത്തിൽ ഉദാരമായ സ്വാതന്ത്ര്യം ലഭിച്ച ശേഷവും പ്രവാചകൻ അതുപയോഗപ്പെടുത്താതിരുന്നത്. ഇബ്നു അബ്ബാസ്, മുജാഹിദ്, അബൂഅലിൽജുബാഹു തുടങ്ങിയവർ സ്വീകരിച്ചിട്ടുള്ളത് ഈ വ്യാഖ്യാനമാണ്.

ذَٰلِكَ സൂചിപ്പിക്കുന്നത് അതിനു മുമ്പ് تُرْجِي മുതൽ പറഞ്ഞ മൂന്ന് കാര്യങ്ങളെയുമാണെന്ന് ഗണിച്ചുകൊണ്ടുള്ളതാണ് രണ്ടാമത്തെ വ്യാഖ്യാനം. അതായത് ഭാര്യമാരെ യഥേഷ്ടം അകറ്റാനും അടുപ്പിക്കാനും അകറ്റിയവരെ വീണ്ടും അടുപ്പിക്കാനും അല്ലാഹു അനുമതി നൽകിയത്, പ്രവാചകന്റെ ആ സമീപനങ്ങളെല്ലാം അല്ലാഹുവിന്റെ അനുമതി പ്രകാരമാണ് എന്നറിഞ്ഞ് അവർ സന്തുഷ്ടരാവാനും ദുഃഖിക്കാതിരിക്കാനും അദ്ദേഹത്തിന്റെ ഏതു സമീപനത്തിലും സംതൃപ്തരാവാനും വേണ്ടിയാകുന്നു. അല്ലാഹുവും റസൂലും ഒരു കാര്യം വിധിച്ചുകഴിഞ്ഞാൽ പിന്നെ വിശ്വാസിക്കോ വിശ്വാസിനിക്കോ ആ കാര്യത്തിൽ സ്വാതന്ത്ര്യമില്ല എന്ന് നേരത്തേ 36-ാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനാൽ ദൈവഹിത പ്രകാരമുള്ള പ്രവാചകന്റെ പെരുമാറ്റം അവർ സസന്തോഷം മനോവിഷമമേതുമില്ലാതെ തൃപ്തിയോടെ സ്വീകരിച്ചുകൊള്ളും. ഖത്താദ, സമഖ്ശരി, ഇബ്നുൽ അറബി, ഖുർത്വുബി, ഇബ്നു അത്വിയ്യ തുടങ്ങിയ മുഫസ്സിറുകൾ നൽകിയതാണീ വ്യാഖ്യാനം. أَن تَقَرَّ أَعْيُنُهُنَّ وَلَا يَحْزَنَّ എന്നേ വാക്യം ഈ വ്യാഖ്യാനത്തിന് ബലം കുറക്കുന്നതായി ഇബ്നു ആശൂർ നിരീക്ഷിച്ചിരിക്കുന്നു. സന്തുഷ്ടി قرة العين-ഇഷ്ടപ്പെട്ടത് സംഭവിക്കുമ്പോഴേ ഉണ്ടാകൂ. അവകാശ നഷ്ടം ഉണ്ടാകുമ്പോൾ സഹിക്കുകയും ക്ഷമിക്കുകയും ചെയ്യാം. അതിനടിയിൽ വേദനയുള്ളതുകൊണ്ട് സന്തോഷമുണ്ടാവില്ല. അനിഷ്ടങ്ങൾ സംഭവിക്കുമ്പോൾ സ്വയം ഉണ്ടാകുന്ന മനോവികാരമാണ് ദുഃഖം. അത് ക്ഷമിക്കുകയും സഹിക്കുകയും ചെയ്യാം എന്നല്ലാതെ അതില്ലാതാക്കാനാവില്ല. ദുഃഖം ഉണ്ടാവാതിരിക്കണമെങ്കിൽ അനിഷ്ടമായത് സംഭവിക്കാതിരിക്കണം. അല്ലെങ്കിൽ സംഭവിച്ച അനിഷ്ടം ഇല്ലാതാവുകയും പകരം ഇഷ്ടപ്പെട്ടത് സംഭവിക്കുകയും വേണം. അകറ്റപ്പെട്ട പ്രവാചക പത്നിമാർക്ക് അത് ക്ഷമിക്കാനും സഹിക്കാനും അദ്ദേഹത്തിന്റെ സമീപനം തൃപ്തിപ്പെടാനും കഴിയും. പക്ഷേ അതിൽ സന്തോഷിക്കാൻ കഴിയുന്നതെങ്ങനെയാണ്? സന്തോഷമുണ്ടാവുക അകറ്റപ്പെടുമ്പോഴല്ല, അകറ്റപ്പെട്ട ശേഷം വീണ്ടും അടുപ്പിക്കുമ്പോഴാണ്.

നിങ്ങൾ, മനുഷ്യരുടെ മനോഗതങ്ങളെല്ലാം അല്ലാഹു അറിയുന്നുണ്ട്. തങ്ങളോടുള്ള പ്രവാചകന്റെ സമീപനത്തെക്കുറിച്ച് പ്രവാചക പത്നിമാരുടെ വിചാരവികാരങ്ങളും അവൻ അറിയുന്നുവെന്ന കാര്യം മറക്കരുത്. എല്ലാം അറിയുന്നതോടൊപ്പം അവൻ അത്യധികം കനിവും കാരുണ്യവുമുള്ളവനാണെന്നുകൂടി അറിഞ്ഞിരിക്കുക. അല്ലാഹുവിന്റെ സർവജ്ഞതയെയും അപാരമായ കനിവിനെയും സംബന്ധിച്ച് മനസ്സിൽ സജീവമാകുന്ന സന്തുലിതമായ ബോധത്തിൽനിന്നാണ് മനുഷ്യന് ശരിയായ ജീവിതസരണി തെളിഞ്ഞുകിട്ടുക. ഇതാണ് وَكَانَ اللَّهُ عَلِيمًا حَلِيمًا എന്ന സമാപന വാക്യത്തിന്റെ താൽപര്യം. ●

52. ഇതിനു ശേഷമുള്ള സ്ത്രീകൾ നിനക്ക് അനുവദനീയമല്ല. ഈ വനിതകൾക്കു പകരം വേറെ വനിതകളെ വേൾക്കാനും പാടില്ല. അവരുടെ നന്മകൾ നിന്നെ എത്രതന്നെ ആകർഷിച്ചാലും. എന്നാൽ നിന്റെ ഉടമസ്ഥതയിലുള്ള സ്ത്രീകൾ അനുവദിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു സകല സംഗതികളും സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്.

لَّا يَحِلُّ لَكَ ٱلنِّسَآءُ مِنۢ بَعْدُ وَلَآ أَن تَبَدَّلَ بِهِنَّ مِنْ أَزْوَٰجٍ
وَلَوْ أَعْجَبَكَ حُسْنُهُنَّ إِلَّا مَا مَلَكَتْ يَمِينُكَ ۗ وَكَانَ ٱللَّهُ
عَلَىٰ كُلِّ شَىْءٍ رَّقِيبًا ﴿٥٢﴾

**52**

لَّا يَحِلُّ لَكَ = നിനക്ക് അനുവദനീയമല്ല
النِّسَاءُ مِن بَعْدُ = (ഇതിനു) ശേഷം (ഉള്ള) സ്ത്രീകൾ
وَلَا أَن تَبَدَّلَ بِهِنَّ مِنْ أَزْوَاجٍ = ഭാര്യമാരാൽ അവർക്കു പകരമാക്കാനും (ഈ വനിതകൾക്കു പകരം വേറെ വനിതകളെ വേൾക്കാനും) പാടില്ല
وَلَوْ أَعْجَبَكَ حُسْنُهُنَّ = അവരുടെ നന്മ നിന്നെ (എത്രതന്നെ) ആകർഷിച്ചാലും
إِلَّا مَا مَلَكَتْ يَمِينُكَ = നിന്റെ വലംകൈ ഉടമയായതല്ലാതെ (എന്നാൽ നിന്റെ ഉടമസ്ഥതയിലുള്ള സ്ത്രീകൾ അനുവദിക്കപ്പെട്ടിരിക്കുന്നു)
وَكَانَ اللَّهُ عَلَىٰ كُلِّ شَيْءٍ رَّقِيبًا = അല്ലാഹു എല്ലാ സംഗതിയും നിരീക്ഷിക്കുന്നവനായിരിക്കുന്നു (സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്)

ഈ സൂക്തവും രണ്ടു വിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. مِن بَعْدُ -ഇതിനുശേഷം- എന്നതിന്റെ താൽപര്യം തർജമയിൽ സൂചിപ്പിച്ചതുപോലെ 50-ാം സൂക്തത്തിൽ പറഞ്ഞ സ്ത്രീകൾക്കു ശേഷം ഇനി മറ്റു സ്ത്രീകളെയൊന്നും പ്രവാചകൻ വിവാഹം ചെയ്യാൻ അനുവാദമില്ല എന്നാണ്. ഇവിടെ بَعْدُ ഉപയോഗിച്ചിരിക്കുന്നത് غير (ഒഴികെ, അല്ലാതെ)-ന്റെ അർഥത്തിലാണ്. ഖുർആൻ മറ്റു ചില സ്ഥലങ്ങളിലും ഈ അർഥത്തിൽ بَعْدُ ഉപയോഗിച്ചതായി കാണാം. ഉദാ: فَمَن يَهْدِيهِ مِن بَعْدِ اللَّهِ (അല്ലാഹുവല്ലാതെ ആരാണവനെ മാർഗദർശനം ചെയ്യുക? - 45:23). فَبِأَيِّ حَدِيثٍ بَعْدَهُ يُؤْمِنُونَ (ഇതല്ലാതെ അവർക്കു വിശ്വസിക്കാൻ മറ്റെന്തു സന്ദേശമാണുള്ളത്? - 7:185). 50:10 സൂക്തത്തിൽ പരാമർശിക്കപ്പെട്ട സ്ത്രീകൾ പാരത്രികരക്ഷ മോഹിച്ചുകൊണ്ട് റസൂലിനോടൊത്തുള്ള ക്ലിഷ്ഠ ജീവിതം തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ ദൗത്യത്തിൽ പങ്കാളികളാകാൻ സ്വമനസ്സാ തയാറാവുകയും ചെയ്തവരാണ്. ഭൗതികമായ സുഖഭോഗങ്ങളും സ്ഥാനമാനങ്ങളും ആഗ്രഹിക്കുന്നുവെങ്കിൽ അവരെ താനുമായുള്ള വിവാഹബന്ധത്തിൽനിന്ന് വേർപ്പെടുത്തി നല്ല വിടവാങ്ങൽ സമ്മാനം (മുത്അഃ) നൽകി മാന്യമായി പിരിച്ചയക്കാമെന്ന് പ്രവാചകൻ അവരോട് പറഞ്ഞതായിരുന്നു. തങ്ങൾക്ക് പ്രവാചകനും അദ്ദേഹത്തിന്റെ ദൗത്യത്തിനുള്ള സേവനവും മതി എന്ന് ഏകസ്വരത്തിൽ പ്രഖ്യാപിച്ച പുണ്യവതികളാണവർ. എന്നും വിശ്വാസികളുടെ വിശുദ്ധ മാതാക്കളായിരിക്കാൻ യോഗ്യരാണ് തങ്ങളെന്നു തെളിയിച്ച ഇവർക്കു പുറമെ പ്രവാചകൻ ഇനി മറ്റു സ്ത്രീകളെ വിവാഹം ചെയ്യേണ്ടതില്ല. ഇവരിലാരെയെങ്കിലും ത്വലാഖ് ചെയ്ത് പകരം മറ്റു സ്ത്രീകളെ സ്വീകരിക്കുകയുമരുത് - ആ സ്ത്രീകളിൽ എന്തൊക്കെ നന്മകളുണ്ടെന്നു തോന്നിയാലും ശരി. وَلَوْ أَعْجَبَكَ حُسْنُهُنَّ -അവരുടെ നന്മ നിന്നെ കൗതുകപ്പെടുത്തിയാലും- എന്നാണ് മൂലവാക്യം. حُسْنُ-ന് നന്മ എന്നും ഭംഗി എന്നും അർഥമുണ്ട്. ഉത്തമ സ്വഭാവങ്ങളും നല്ല പെരുമാറ്റവും അറിവും വിവേകവും സ്നേഹകാരുണ്യാദി ഭാവങ്ങളും ആകാരഭംഗിയുമെല്ലാം മനുഷ്യന്റെ- حُسْنُ - നന്മയിൽ പെട്ടതാകുന്നു. ആകാരഭംഗി ഒഴിച്ച് നന്മകളെല്ലാം അമൂർത്ത സൗന്ദര്യങ്ങളാണ്. ആ അമൂർത്ത സൗന്ദര്യത്തെ, അഥവാ ആന്തരിക സൗന്ദര്യത്തെ മാത്രം ഉദ്ദേശിച്ചും حُسْنُ എന്നു പറയും. സൽക്കർമങ്ങൾ ചെയ്യുന്നവർ مُحْسِنِين ആകുന്നു, അവർക്ക് മെയ്യഴക് ഒട്ടുമില്ലെങ്കിലും. പ്രവാചക വിവാഹങ്ങളെ അദ്ദേഹം നിയുക്തമായ ദൈവിക ദൗത്യത്തിലൂടെ കാണാതെ ലൈംഗികതയുടെ കോണിലൂടെ കാണുന്നവർ, ആ സ്ത്രീകളുടെ മേനിയഴക് നിന്നെ എത്ര തന്നെ മോഹിപ്പിച്ചാലും എന്നാണ് وَلَوْ أَعْجَبَكَ حُسْنُهُنَّ -ക്ക് അർഥം കൽപിക്കുന്നത്. പ്രവാചകദൗത്യത്തിന്റെ കോണിലൂടെ വീക്ഷിക്കുമ്പോൾ ആ സ്ത്രീകളുടെ സൗശീല്യവും സുചരിതവും ദീനീസേവനത്തിനുള്ള യോഗ്യതയും ആകർഷകമായി തോന്നിയാലും എന്ന അർഥമാണ് പ്രസക്തം.

സ്വതന്ത്ര സ്ത്രീകളെ വിവാഹം ചെയ്യാൻ പാടില്ലെങ്കിലും അധീനതയിൽ വന്നുചേരുന്ന അടിമ സ്ത്രീകളെ സ്വീകരിക്കാവുന്നതാണ്. അവരുടെ എണ്ണം മറ്റു വിശ്വാസികൾക്കെന്നപോലെ പ്രവാചകന്നും പരിമിതപ്പെടുത്തിയിട്ടില്ല. യുദ്ധങ്ങളിൽ സ്ത്രീകൾ തടവുകാരായി പിടിക്കപ്പെടുക അക്കാലത്ത് സാധാരണയായിരുന്നു. യുദ്ധത്തടവുകാരെ - സ്ത്രീകളെയും പുരുഷന്മാരെയും- പാർപ്പിക്കാൻ അക്കാലത്ത് അറേബ്യയിൽ ജയിൽ സമ്പ്രദായമുണ്ടായിരുന്നില്ല. പിടിക്കപ്പെട്ടവർ ജയിച്ച കക്ഷിയുടെ അടിമകളാകുന്നു. ബന്ധപ്പെട്ടവർക്ക് കഴിയുമെങ്കിൽ അവരെ മോചനദ്രവ്യം നൽകി സ്വതന്ത്രരാക്കും. രണ്ടു പക്ഷത്തും തടവുകാരുണ്ടാകുമ്പോൾ ഇരുപക്ഷവും അവരെ പരസ്പരം കൈമാറി സ്വതന്ത്രരാക്കുന്നു. ഇതൊന്നും നടക്കാത്ത സാഹചര്യത്തിൽ യുദ്ധത്തടവുകാർ അടിമകളാവുകയും ജേതാക്കൾ അവരെ വീതിച്ചെടുക്കുകയും ചെയ്യുന്നു. ഉടമകൾക്ക് അവരെ വിൽക്കുകയും വാങ്ങുകയും ചെയ്യാം, ദാനം ചെയ്യാം, ഇഷ്ടജ

നങ്ങള്‍ക്ക് സമ്മാനിക്കാം. അടിമസ്ത്രീകളുമായി ദാമ്പത്യം പങ്കിടാനും ഉടമകള്‍ക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. ഒരാള്‍ക്ക് ഇത്ര അടിമകളേ പാടുള്ളൂ എന്ന നിയന്ത്രണമൊന്നും ഉണ്ടായിരുന്നില്ല. യുദ്ധങ്ങളുണ്ടാകുമ്പോള്‍ സമൂഹത്തില്‍ അടിമകള്‍ വര്‍ധിച്ചുകൊണ്ടിരിക്കും. പണക്കാര്‍ക്ക് കൂടുതല്‍ അടിമകളെ വിലയ്ക്കു വാങ്ങി സ്വന്തമാക്കാനും കഴിയുമായിരുന്നു. അടിമത്ത സമ്പ്രദായത്തിന് അക്കാലത്ത് പൊതു സ്വീകാര്യതയുണ്ടായിരുന്നതിനാലും അത് അന്നത്തെ സമ്പദ്ഘടനയുടെ പ്രധാന ഘടകമായിരുന്നതിനാലും ഒറ്റയടിക്ക് നിരോധിക്കാന്‍ കഴിയുമായിരുന്നില്ല. എങ്കിലും ഇസ്‌ലാം അതിനെ നിരുത്സാഹപ്പെടുത്തുകയും അടിമത്തം ക്രമേണ തിരസ്കൃതമാകുന്നതിനുള്ള ഉപാധികള്‍ ആവിഷ്കരിക്കുകയും ചെയ്തിരുന്നു. അടിമകളെ മോചിപ്പിക്കുക മഹത്തായ പുണ്യകര്‍മമായി നിര്‍ദേശിക്കപ്പെട്ടു. സകാത്തില്‍നിന്നൊരു വിഹിതം (1/8) അടിമകളുടെ മോചനത്തിനു വിനിയോഗിക്കാന്‍ കല്‍പിച്ചു. ഇതിനു പുറമെ പല കുറ്റങ്ങള്‍ക്കും തെറ്റുകള്‍ക്കുമുള്ള പ്രായശ്ചിത്തമായും അടിമമോചനം നിശ്ചയിക്കപ്പെട്ടു.

പ്രവാചകന് അഞ്ച് അടിമകളുണ്ടായിട്ടുണ്ട്. അതില്‍ സൈദുബ്നു ഹാരിസ ഒഴിച്ചുള്ള നാലു പേരും സ്ത്രീകളായിരുന്നു. സൈദുബ്നു ഹാരിസയെ ഖദീജ(റ) അദ്ദേഹത്തിനു സമ്മാനിച്ചതാണ്. ഈജിപ്ഷ്യന്‍ രാജാവ് സമ്മാനമായി അയച്ചതാണ് മാരിയഃ എന്ന സ്ത്രീ. ജൂതരും മുസ്‌ലിംകളും തമ്മില്‍ നടന്ന പോരാട്ടങ്ങളില്‍ പിടികൂടപ്പെട്ട് അടിമകളായി മദീനയിലെത്തിയവരായിരുന്നു സ്വഫിയ്യയും ജുവൈരിയയും. രണ്ടു പേരും രണ്ടു ഗോത്രങ്ങളുടെ തലവന്മാരുടെ മക്കളാണ്. സാധാരണ മുസ്‌ലിം ഭടന്മാര്‍ക്കാണ് അവരുടെ ഉടമസ്ഥത ലഭിച്ചത്. യുദ്ധത്തില്‍ തോറ്റ മഹാന്മാരുടെ നേതാക്കളെ അപമാനിക്കാതിരിക്കുകയും മുന്തിയ പരിഗണന നല്‍കി ആദരിക്കുകയും ചെയ്യുകയായിരുന്നു നബി(സ)യുടെ നയം. അതാണല്ലോ പരാജിതരുടെ പക തണുക്കാനും സൗഹൃദം വളരാനും സഹായകമാവുക. സ്വഫിയ്യയെയും ജുവൈരിയയെയും അവരുടെ ഉടമകള്‍ക്ക് പ്രതിഫലം നല്‍കി പ്രവാചകന്‍ മോചിപ്പിക്കുകയും സ്വന്തം പത്നീപദം നല്‍കി ആദരിക്കുകയുമായിരുന്നു. സൈദുബ്നു ഹാരിസയെ പ്രവാചകന്‍ മോചിപ്പിക്കുക മാത്രമല്ല, ദത്തുപുത്രനായി വരിക്കുകയും ചെയ്തത് നേരത്തേ വിശദീകരിച്ചിട്ടുള്ളതാണ്.

മുന്‍സൂക്തം പ്രവാചക പത്നിമാരെ ഉദ്ബോധിപ്പിച്ചുകൊണ്ട് സമാപിച്ചതുപോലെ ഈ സൂക്തത്തിന്റെ സമാപനത്തില്‍ പ്രവാചകനോടുള്ള ഉദ്ബോധനമാണ് - وَكَانَ اللَّهُ عَلَىٰ كُلِّ شَيْءٍ رَّقِيبًا. വ്യക്തി എത്രത്തോളം വലിയവനും ഉന്നതനുമാണോ അത്രത്തോളം ഗുരുതരമായിരിക്കും അയാളില്‍ അര്‍പ്പിതമാകുന്ന ദൗത്യവും അതെങ്ങനെ നിര്‍വഹിക്കപ്പെട്ടു എന്നു ബോധിപ്പിക്കാനുള്ള ബാധ്യത(Accountablity)യും. അതുകൊണ്ട് ഓരോരുത്തരും വിചാരണ ചെയ്യപ്പെടും മുമ്പ് സ്വയം വിചാരണ ചെയ്തുകൊണ്ടിരിക്കണം. ജീവിതത്തിന്റെ എല്ലാ അനക്കവും അടക്കവും അല്ലാഹുവിന്റെ കണ്‍മുമ്പിലാണ് നടക്കുന്നത് എന്ന ബോധ്യത്തോടെയായിരിക്കണം സ്വയം വിചാരണ. വിവാഹ വിഷയത്തില്‍ മുന്‍സൂക്തങ്ങള്‍ പ്രവാചകനു നല്‍കിയ സ്വാതന്ത്ര്യവും ഈ സൂക്തം അനുശാസിക്കുന്ന നിബന്ധനകളും താരതമ്യം ചെയ്താല്‍ ഇക്കാര്യത്തില്‍ സാധാരണ മുസ്‌ലിംകള്‍ക്കുള്ളതിലേറെ നിയന്ത്രണങ്ങള്‍ അദ്ദേഹത്തിനുണ്ടെന്നു കാണാം. സാധാരണ മുസ്‌ലിംകള്‍ക്ക് മുസ്‌ലിം സമുദായത്തിലും വൈദിക സമുദായങ്ങളിലും പെട്ട എല്ലാ സ്ത്രീകളെയും വിവാഹം ചെയ്യാം. വേട്ട ഭാര്യമാരെ ത്വലാഖ് ചെയ്യാം. പകരം മറ്റു സ്ത്രീകളെ വേള്‍ക്കാം. പ്രവാചകന് വിവാഹം നാലിലധികമാവാമെങ്കിലും എണ്ണിപ്പറഞ്ഞ പ്രത്യേക വിഭാഗം സ്ത്രീകളെ മാത്രമേ വിവാഹം ചെയ്യാവൂ. നിലവിലുള്ള ഭാര്യമാരെ വിവാഹമോചനം ചെയ്യാനോ പകരം മറ്റു സ്ത്രീകളെ വിവാഹം ചെയ്യാനോ പാടില്ല. വേദവിശ്വാസിനികളെയും ബഹുദൈവവിശ്വാസിനികളെയും വിവാഹം ചെയ്തുകൂടാ. ഈ നിബന്ധനകളെല്ലാം പൂര്‍ണമായി പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ് അല്ലാഹു.

مِن بَعْدُ -നെ സൂക്തത്തിന്റെ അവതരണ കാലവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ളതാണ് രണ്ടാമത്തെ വ്യാഖ്യാനം. അതായത്, ഈ സൂക്തം അവതരിപ്പിച്ച ശേഷം പ്രവാചകന് പുതിയ വിവാഹങ്ങള്‍ അനുവദനീയമല്ല. നിലവിലുള്ള ഭാര്യമാരിലാരെയും ത്വലാഖ് ചെയ്യാനും പാടില്ല. അവര്‍ക്കു പകരം വേറെ സ്ത്രീകളെ വേള്‍ക്കുകയുമരുത്. എന്നാല്‍ അടിമസ്ത്രീകളെ ഉടമപ്പെടുത്താനും മോചിപ്പിക്കാനും ഇനിയും അനുവാദമുണ്ട്. ഇതാണ് ഉദ്ദേശ്യമെങ്കില്‍ 50-ാം സൂക്തത്തില്‍ പ്രവാചകന് വിവാഹം ചെയ്യാന്‍ അനുവദിക്കപ്പെട്ട സ്ത്രീകളെ തരം തിരിച്ചു പറയേണ്ട കാര്യമുണ്ടായിരുന്നില്ല. ഇന്നിന്ന തരം വനിതകളെ വിവാഹം ചെയ്യാന്‍ നിനക്ക് നാം അനുവാദം നല്‍കിയിരിക്കുന്നു എന്നു പ്രസ്താവിച്ച ഉടനെ ഈ ദിവസത്തിനുശേഷം നീ ഒരു സ്ത്രീയെയും വിവാഹം ചെയ്യാന്‍ പാടില്ല എന്നു പറയുന്നതിനെന്താണര്‍ഥം?

ഈ സൂക്തം അവതരിക്കുമ്പോള്‍ പ്രവാചകന് 9 ഭാര്യമാരുണ്ടായിരുന്നു. ഈ സൂക്തം വിലക്കിയതിനാല്‍ പിന്നീടാരെയും വിവാഹം ചെയ്തിട്ടില്ല എന്നുമൊരു വ്യാഖ്യാനമുണ്ട്. ഈ വിലക്ക് താല്‍ക്കാലികമായിരുന്നു, പിന്നീടത് അല്ലാഹു ദുര്‍ബലപ്പെടുത്തി, പ്രവാചകന്റെ അവസാന കാലത്ത് കൂടുതല്‍ വിവാഹങ്ങള്‍ക്ക് അനുവാദമുണ്ടായിരുന്നു എന്നും ചിലര്‍ പറയുന്നു. ഇതിനാധാരമായി ഉന്നയിക്കപ്പെടുന്ന ഹദീസ് തീരെ ദുര്‍ബലമാകുന്നു. മാത്രമല്ല, അതു ശരിയാണെങ്കില്‍ ഖുര്‍ആനിനെ ഹദീസ് കൊണ്ട് ദുര്‍ബലപ്പെടുത്തലാണത്. ഖുര്‍ആനിന്റെ കല്‍പന ദുര്‍ബലപ്പെടുത്താന്‍ ഹദീസ്- അതും ദുര്‍ബലമായ നിവേദനം- മതിയാവില്ല. ആദ്യം പറഞ്ഞതാണ് ഈ സൂക്തത്തിന്റെ സ്വീകാര്യമായ വ്യാഖ്യാനം. ●

**തിരുത്ത്**

*ഖുര്‍ആന്‍ ബോധനം* 1039-ല്‍ (22/11/2019, ലക്കം 3127, പേജ് 32) *അല്‍ അഹ്സാബ്* 48-ാം സൂക്തത്തിന്റെ വിശദീകരണത്തില്‍ دَعَّ (തള്ളിപ്പുറത്താക്കി)-യില്‍നിന്നുള്ള ശാസനാ രൂപമാണ് دَعْ എന്ന് അച്ചടിച്ചത് وَدَعَ (ഉപേക്ഷിച്ചു)-യില്‍നിന്നുള്ള ശാസനാ രൂപമാണ് دَعْ എന്ന് തിരുത്തി വായിക്കേണ്ടതാണ്.

*പത്രാധിപര്‍*